LIBRARY ARCHIVES Kerala Legislative Assembly.

കൃഷിഭവനുകൾ വഴി വിതരണം ചെയ്യുന്ന ജൈവ-രാസവളങ്ങൾ

58 [3356] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകൾവഴി കർഷകർക്ക് വിതരണം ചെയ്യുന്ന ജൈവ-രാസവളങ്ങൾ സർക്കാർ അംഗീകൃത ഏജൻസികളിൽനിന്നും മാത്രമേ വാങ്ങാവൂ എന്ന് നിബന്ധനയുണ്ടോ;

(ബി) എങ്കിൽ ഇത്തരം ഏജൻസികൾ ഗുണനിലവാരം കുറഞ്ഞതും വില കൂടിയതുമായ വളങ്ങളാണ് കൃഷിഭവനുകൾക്ക് വിതരണം ചെയ്യുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സാഹചര്യത്തിൽ ഇത്തരം ഏജൻസികളെ ഒഴിവാക്കി കൃഷി ഓഫീസറും ജനപ്രതിനിധികളും കർഷകപ്രതിനിധികളും അടങ്ങുന്ന കമ്മിറ്റിയോ കാർഷിക വികസന സമിതിയോ കൂട്ടേഷൻ ക്ഷണിച്ച് ഗുണനിലവാരം ഉറപ്പുവരുത്തി ഏറ്റവുംകുറഞ്ഞ വിലയ്ക്ക് ജൈവ-രാസവളങ്ങൾ ലഭ്യമാക്കി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാർഷിക സർവ്വകലാശാല, ഐ.സി.എ.ആർ. സ്ഥാപനങ്ങൾ, റബ്ബർ ബോർഡ് തുടങ്ങിയ അംഗീകൃത സ്ഥാപനങ്ങളിലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൃഷി ഡയറക്ടറുടെ നേതൃത്വത്തിലുള്ള കമ്മിറ്റി അംഗീകരിക്കുന്ന ഗുണമേന്മയുള്ള വളങ്ങൾ മാത്രമേ കർഷകർക്ക് വിതരണം ചെയ്യാവൂ എന്ന് നിർദ്ദേശമുണ്ട്. ഇതു സംബന്ധിച്ച് പരാതിയൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിലുള്ള സംവിധാനത്തിൽ പാകപ്പിഴയുള്ളതായി കണ്ടാൽ മാറ്റം വരുത്തുന്നകാര്യം ആലോചിക്കാവുന്നതാണ്.

കൃഷി അസിസ്റ്റന്റുമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ്

59 [3366] ശ്രീ. പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി അസിസ്റ്റന്റുമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഇതിന്റെ കാലാവധി അവസാനിക്കുന്നതെന്നാണ്;

(സി) ഈ ലിസ്റ്റിൽ നിന്ന് ഇതുവരെ എത്ര പേർക്ക് നിയമനം നൽകുകയുണ്ടായി;

(ഡി) ഒഴിവുള്ള തസ്തികകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടും നിയമന ശുപാർശ നൽകുവാൻ കഴിയാത്ത എന്തെങ്കിലും സ്ഥിതി നിലവിലുണ്ടോ; വിശദമാക്കുമോ;

(ഇ) പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തുകഴിഞ്ഞ തസ്തികകളിലേക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കും മുമ്പ് നിയമന ശുപാർശ നൽകുവാൻ ഗവൺമെന്റ് എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(എഫ്) കൃഷി വകുപ്പിൽ നിന്ന് നിയമന ഉത്തരവ് നൽകിയിട്ടും ജോലിക്ക് ഹാജരാകാത്തവരെ സംബന്ധിച്ചുള്ള 'നോൺ ജോയിനിംഗ് ഒഴിവുകൾ' എത്രയെണ്ണം ഇപ്പോൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ജി) ഇത് എന്നാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത്;

(എച്ച്) ഈ ഒഴിവുകളിലേക്ക് പി.എസ്.സി. നിയമന ശുപാർശ അയയ്ക്കുകയുണ്ടായോ?

ഉത്തരം

(എ, ബി) പി.എസ്.സി. പ്രസിദ്ധീകരിച്ച കൃഷി അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി 19-5-2003-ന് അവസാനിക്കേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത ലിസ്റ്റിന്റെ കാലാവധി 5-8-2003 വരെ നീട്ടിയിട്ടുണ്ട്. വീണ്ടും 6 മാസം കൂടി നീട്ടുന്നകാര്യം പരിഗണനയിലാണ്.

(സി) ഇതുവരെ 805 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ഡി, ഇ) ഉണ്ട്. 16-1-2002-ലെ ജി.ഒ. (പി)56/2002/ഫിൻ. എന്ന സർക്കാർ ഉത്തരവ് പ്രകാരം നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സെക്രട്ടറിതല കമ്മിറ്റിയുടെ അനുമതി ആവശ്യമുണ്ട്. എന്നാൽ ചില ഉദ്യോഗാർത്ഥികൾ ഫയൽ ചെയ്ത ഒ.പി.-യിലെ കോടതി ഉത്തരവ് പ്രകാരം 30-4-2003 വരെയുള്ള 126 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഒ.പി.-കളിന്മേൽ ബഹുമാനപ്പെട്ട കോടതിയുടെ അന്തിമവിധി ലഭിക്കുന്നതുവരെ പ്രസ്തുത ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യേണ്ടതില്ലെന്ന് കോടതി നിർദ്ദേശമുണ്ട്. ഈ വിവരം പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്.

(എഫ്, എച്ച്) നോൺ ജോയിനിംഗ് ഒഴിവുകൾ ഒന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

ദേശീയ നീർമറി വികസന പദ്ധതി

60 [3367] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ദേശീയ നീർമറി വികസന പദ്ധതിക്ക് പത്താം പഞ്ചവൽസര പദ്ധതിയിൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്;

(ബി) പദ്ധതി നടത്തിപ്പിനായി സംസ്ഥാനത്ത് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(സി) നീർത്തട വികസന പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് കൃഷി നടത്തിവരുന്നുണ്ട്;

(ഡി) നീർത്തട വികസന പദ്ധതി കൂടുതൽ പ്രദേശത്തേയ്ക്ക് വ്യാപിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly